


# GHSS VATANAPPALLY

# GHSS VATANAPPALLY



# അണിയറ പ്രവർത്തകർ

- ബാസിത് കെ ബി
- സൽമാൻ ഫാരിസി കെ എസ്
- ശ്രീലക്ഷ്മി കെ എസ്
- അമീഷ
- ഹംദാൻ എം എ
- ഷാഫി
- ഇർഫാൻ
- അന്വഫ്
- ഫഹദ്
- ഹംന അൻവർ
- റാസ്സി
- ഫർസീൻ
- സാദ
- വിനായക് രഘു
- അംജദ്
- നസ്നീൻ
- നഫീസത്

# ആശംസകൾ

# HEAD MASTER

## (ABDUL KADER P A)





# ആശംസകൾ

# P T A PRESIDENT

## (BASHEER P S)



# എഡിറ്റോറിയൽ

സാങ്കേതിക പരിജ്ഞാനം വിദ്യാഭ്യാസത്തിന്റെ മുഖമുദ്രയും അവശ്യ ഘടകവുമായിരിക്കുന്ന ഒരു സമൂഹമാണിന്നുള്ളത് . പരമ്പരാഗത രീതികൾക്കൊപ്പം കാലത്തിന്റെ പ്രയാണത്തിൽ ഇണങ്ങിച്ചേരാൻ കമ്പ്യൂട്ടർ പരിജ്ഞാനം ഇന്ന് നമ്മുടെ വിദ്യാഭ്യാസമേഖലയിൽ അത്യന്താപേക്ഷിതമായിരിക്കുന്നു. നമ്മുടെ ചുറ്റുപാടും, മനുഷ്യനന്മയും ഉൾക്കൊള്ളാനും അതിന്റെ അഗാധതലങ്ങളെ സ്പർശിക്കാനും വിജ്ഞാനത്തിൻെറ വെളിച്ചം പരത്താനും സാങ്കേതിക വിദ്യാഭ്യാസം സഹായകമാവട്ടെയെന്ന് പ്രത്യാശിക്കുന്നു.

എഡിറ്റർ

# *വഴിയരികിലെ മരം*

**കരിയില പൊഴിയുന്ന മരം**

**വഴിയരികിലെ വലിയ മരം**

**കനണ്ടു ഞാനാ വലിയ മരം**

**വഴിയരികിലെ വലിയ മരം**

പുഷ്പങ്ങളുള്ള മരം

കാൽനടയാത്രയ്ക്ക് തണലേകിയ മരം

കണ്ടു ഞാൻ ആ വലിയ മരം

വഴിയരികിലെ വലിയ മരം

എന്നിലെ ഓർമ്മകളിൽ പൂത്തമരം

വഴിയരികിലെ വലിയ മരം

ബാല്യകാലത്തിൽ ഞാൻ കളിച്ചു

വളർന്ന വലിയ മരം

തണലേകുലന്ന വലിയ മരം

ഞാൻ കണ്ട വലിയ മരം

ശിക്ഷിച്ചു തളർന്നവർക്കു

തണലേകുന്ന മരമേ

സ്കൂൾമുറ്റത്തു നിൽക്കുന്ന തണൽ മരം

വഴിയരികിലെ വലിയ മരം

ഇന്നലേ ഞാൻ ആ തണൽ

മരത്തിനടിയിൽ ഇരുന്നു

പ്രകൃതിയിലെ വൃക്ഷങ്ങൾ

എന്നും തണൽ വൃക്ഷങ്ങൾ

പ്രായമേറിയ വലിയ മരം

കുട്ടികളുടെ മുത്തശ്ശിമരം

കണ്ടു ഞാൻ ആ വലിയ മരം

എന്നിലെ ഓർമ്മകളിൽ പൂത്തമരം

വഴിയരികിലെ വലിയ മരം

ബാല്യകാലത്തിൽ ഞാൻ കളിച്ച

വളർന്ന വലിയ മരം

കണ്ടു ഞാൻ ആ വലിയ മരം

വഴിയരികിലെ കൊച്ചു മരം

ദൈവത്തിന്റെ സമ്മാനമാണ് മരം

എന്നുമെന്നും തണൽ നൽകുന്ന മരം

പ്രകൃതിയുടെ വരദാനമാണ് മരം

എന്നുമെന്നും തണലേകുന്ന മരം

കാറ്റിലാടിയുലയുന്ന മരം

വെയിലിൻ തണൽ നൽകുന്ന മരം

എന്റെ വീടിനരികിലെ വലിയ മരം

എന്റെ വലിയമരം

മുറ്റത്തുകളിക്കുന്ന കുട്ടികളുടെ മരം

കണ്ടു ഞാൻ വഴിയരികിലെ വലിയ മരം

-ശ്രീലക്ഷമി

## പ്രളയം ബാധിച്ച കുടുംബം

ഒരു കോളിങ് ബെൽ കേട്ടാണ് പീറ്റർ ഉണർന്നത്. ആരാ......പീറ്റർ ഉറക്കെ ചോദിച്ചു."ഇത് ഞാനാ ഹരി".പെട്ടെന്നായിരുന്നു ഉത്തരം.പീറ്റർ ഓടി വാതിൽ തുറന്നു.തുറന്നപ്പോൾ കണ്ടത് വളരെ അത്ഭുതം.ഇന്നലെ വരെ പടി വരെ കെട്ടിനിന്ന വെള്ളം കെട്ടി നിന്നിരുന്ന മുറ്റം ഇപ്പോൾ വളരെ ശാന്തം. സൂര്യൻ ഉദിച്ചിരിക്കുന്നു.രണ്ട് മൂന്ന് ദിവസമായി സൂര്യൻ ഉദിച്ചിട്ടുണ്ട്. പ്രളയം അവസാനിച്ചിരിക്കുന്നു. പുറത്ത് ഒരു ചെറിയ പുഞ്ചിരിയുമായി നിൽക്കുന്ന ഹരിയെയാണ് പീറ്റർ കണ്ടത്."എന്താ കാര്യം?".പീറ്റർ ചോദിച്ചു."വാനമുക്ക് പോകേണ്ടേ?".ഹരി പറഞ്ഞു.

പീറ്ററും ഹരിയും ഇരട്ട സഹോദരന്മാരായിരുന്നു.അവരുടെ വീട് പ്രളയ കാരണത്താൽ മുങ്ങിയതായിരുന്നു.അവർ അമ്മ വീട്ടിൽ നിൽക്കാൻ വന്നതായിരുന്നു.

പീറ്റർ ചോദിച്ചു."അമ്മയും അച്ഛനും എവിടെ"."അവർ വീട്ടിലേക്ക് പോയി".ഹരി പറഞ്ഞു."എന്നാൽ വാ നമുക്ക് പോകാം" എന്ന് പറഞ്ഞ് പീറ്റർ വസ്ത്രം മാറി വന്നു. അവർ വീട്ടിലേക്ക് തിരിച്ച് പോയി.വീട്ടിലെത്തിയപ്പോൾ അവർ കണ്ടത് ദു:ഖകരമായ ഒരു കാഴ്ചയാണ്.വീട് ഒരു ഓലവീടായതുകൊണ്ട് നശിച്ചു പോയിരിക്കുന്നു. അടുത്ത് കരഞ്ഞുകൊണ്ടിരിക്കുന്ന അച്ഛനമ്മമാരെയാണ് അവിടെ കണ്ടത്. പീറ്ററും ഹരിയും ഓടിച്ചെന്ന് അവരെ കെട്ടിപ്പിടിച്ചു.പെട്ടെന്ന് അമ്മ തലകറങ്ങി വീണു.അമ്മ ഈ ലോകത്തു നിന്നും വിടപറഞ്ഞു. ഇതുകണ്ട് പൊട്ടിക്കരയുകയാണ് ഹരിയും പീറ്ററും. അവർക്ക് അതല്ലാതെ മറ്റൊരു നിവർത്തിയുണ്ടായിരുന്നില്ല. അച്ഛൻ അവരെ സമാധാനിപ്പിച്ചു.ആ കുടുംബത്തിന് ജീവിക്കാൻ ആകുമായിരുന്നില്ല.അങ്ങനെ അവർ അമ്മ വീട്ടിലേക്ക് തന്നെ മടങ്ങി. ഏകദേശം പകുതി വർഷത്തിലധികം അവിടെ ജീവിച്ചു.പെട്ടെന്ന് അച്ഛന് ഒരു ഫോൺ വിളി വന്നു. തന്റെ ആദ്യത്തെ അയൽ വാസിയായിരുന്നു."ഇവിടേക്ക് ഒന്ന്

വരണം.ഒരു കാര്യം സംസാരിക്കാനുണ്ട്.'' എന്ന് പറഞ്ഞു.അങ്ങനെ പീറ്ററും ഹരിയും അച്ഛനും അവിടേക്ക് മടങ്ങി.അവിടെ എത്തിയപ്പോൾ അവർ അന്ധാളിച്ചു പോയി.അവരുടെ വീട് നിന്നിരുന്ന സ്ഥലത്ത് ഒരു പുതിയ വീട് . അവിടുത്തെ നാട്ടുകാർ അവർക്ക് വേണ്ടി പണിത് കൊടുത്തതാണ്. പിന്നീടുള്ള കാലം അവർ സുഖമായി ജീവിച്ചു

***-SALMAN FARISI***



# വിദ്യാലയം പ്രതിഭകളിലേയ്ക്ക്

**ബോഡിബിൽഡിംഗ് രംഗത്തെ പ്രശസ്തനായ ശ്രീ . കെ സി. പ്രസാദ്, സാഹിത്യകാരനും പ്ലസ്ടു അധ്യാപകനുമായ ശ്രീ സന്തോഷ് ചിറ്റിലേടത്ത് , മിമിക്രി-മിമിക്സ് പരേഡ് - ടെലിഫിലിം ആർട്ടിസ്റ്റ് ആയ ബഹു. നജീബ് വാടാനപ്പള്ളി,ചലചിത്ര കലാമേഖലയിലെ ഉയർന്നുവരുന്ന  പ്രതിഭ ശ്രീ . ഷാനു സമദ് എന്നിവരെആദരിച്ചു.**










ജ്യോത്സ്ന പി ബി
തൃശ്ശൂർ പൂരം

# K G SECTION






# പ്രളയം

ഭൂമിതൻ മാറു ചുരന്നുററിയ
ചൂടുനീർ വററിവരണ്ടപ്പോൾ
ചാലുകൾ കീറിയ ഹൃത്തടം
കുളിർ ജലത്തിനായ് കൊതിച്ചില്ലേ
അമൂല്യമെന്നോതി , ശാസ്ത്രം
ജലദിനം കൊണ്ടാടിയില്ലേ
എന്നിട്ടുമെന്തേ, പേമാരി
താണ്ഡവമാടിത്തിമിർത്തിട്ട്
പ്രളയജലം തീർത്തനാൾ
ആർത്തലച്ചുപോയ് ആധിയോടെ
ചുററിലുംനീർമൂടികിടന്നിട്ടും
ദാഹജലത്തിനായ് കേണില്ലേ
അമ്പലംപള്ളികൾകുടിലുകൾ
മണിമന്ദിരങ്ങൾതകർത്തില്ലേ
അതിർവരമ്പില്ലാതെതീരങ്ങൾകാർന്നെടുത്തില്ലേ
നീട്ടിയകൈകൾക്കുകൂട്ടായ്
കടൽമക്കൾഓടിയണഞ്ഞപ്പോൾ
പ്രാണൻവെടിഞ്ഞവർകരളുരുകുംകാഴ്ചയായ്
പ്രളയമീനൂററാണ്ടിൻ മഹാദുരന്തമെന്നോർത്തുപോയെങ്കിലും
ഞാനെന്ന ഭാവം വെടിഞ്ഞിട്ട്
അഹങ്കാരമന്യമായ് തീർന്നിട്ട്
ജാതിഭേദങ്ങളില്ലാതെ മാനവനൊന്നായ് തീരുകിൽ
***പ്രളയമൊരു ദുരന്തമോ ? മർത്ത്യന്നു പാഠമോ ?***



***റീന ജോർജ്ജ്***


DREAMS
little
KITEs

# നന്ദി